**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3021** **28/01/2014-ൽ മറുപടിയ്ക്ക്**

**പള്ളിക്കമണ്ണടി പാലം റോഡ് നിർമ്മാണ ആവശ്യത്തിലേക്കായി ഭൂമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) | |
| (എ) | ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പള്ളിക്കമണ്ണടി പാലം റോഡ് നിർമ്മാണ ആവശ്യത്തിലേക്കായി ഭൂമി ഏറ്റെടുക്കുന്നതിലേക്ക് കാലതാമസം നേരിടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഭൂമി ഏറ്റെടുക്കുന്നതിന് നടപടികൾ ദ്രുതഗതിയിൽ സ്വീകരിച്ച് വരുന്നു. |
| (ബി) | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പുരോഗതി വ്യക്തമാക്കാമോ ; | (ബി) | പള്ളിക്കാമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണത്തിനായി മീനാട്, ആദിച്ചനല്ലൂർ വില്ലേജുകളിലെ 27 ആർ സ്ഥലം ഏറ്റെടുക്കുന്നതിന് 09-04-2013-ലെ ജി.ഒ. (ആർ.റ്റി.) 2031/13/ആർ.ഡി. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ടി സ്ഥലമെടുപ്പിനുള്ള 4(1) വിജ്ഞാപനം 30/05/2013-ലെ 1508-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും 6-ാം വകുപ്പ് പ്രകാരമുള്ള പ്രഖ്യാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. സർവ്വേ പൂർത്തീകരിച്ചപ്പോൾ ടി പദ്ധതിയ്ക്കായി 37.33 ആർ ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. |
| (സി) | പ്രസ്തുത പ്രവർത്തനം പൂർത്തീകരിക്കുന്നതിലേക്കായി എന്തൊക്കെ ജോലികളാണ് അവശേഷിക്കുന്നതെന്നും, എന്നത്തേക്ക് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ ? | (സി) | പ്രഖ്യാപനം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ ശേഷം പുതിയ കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ വില നിശ്ചയിച്ച് അവാർഡ് പാസ്സാക്കി സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ